"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൊല്ലം ജില്ലയിലെ നെടുവത്തൂർ ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്കായിരുന്ന ശ്രീ. സി.കെ. ലജിത്ത് സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2305/2020/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 14/12/2020

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 18.11.2016-ലെ ഡി6-31706/2016 നമ്പർ നടപടിക്രമങ്ങൾ

2 പഞ്ചായത്ത് ഡയറക്ടറുടെ 03.12.2018-ലെ PAN/21123/18 D6(DP) നമ്പർ നടപടിക്രമങ്ങൾ

3 ശ്രീ. സി.കെ. ലജിത്ത് സമർപ്പിച്ച അപ്പീൽ അപേക്ഷ

4 പഞ്ചായത്ത് ഡയറക്ടറുടെ 20.6.2019 ലെ Pan- 21123/2018- D6 (DP) നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ നെടുവത്തൂർ ഗ്രാമപഞ്ചായത്തിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കവേ ശ്രീ. സി.കെ. ലജിത്ത് അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നതായുള്ള കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ടിയാനെ സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്യുകയും തുടർന്ന് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ മുൻനിർത്തി കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തു.

"നെടുവത്തൂർ ഗ്രാമപഞ്ചായത്തിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കവേ 13.11.2015 മുതൽ 03.06.2016 വരെ ഓഫീസിൽ ഹാജരാകാതിരുന്നു. ടി കാലയളവിൽ അവധി അപേക്ഷകൾ രജിസ്റ്റേർഡ് തപാലായി ഓഫീസിലേക്ക് അയച്ചുകൊടുക്കുകയും, അവധികൾ അനുവദിക്കാതിരുന്നിട്ടും 09.08.2016 മുതൽ വീണ്ടും അനധികൃത ഹാജരില്ലായ്മയിൽ തുടരുകയും ചെയ്തു".

കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. സി.കെ. ലജിത്ത് സമർപ്പിച്ച എതിർവാദ പത്രികയിൽ മാതാവിന്റെയും, ഭാര്യാമാതാവിന്റെയും അസുഖങ്ങളെ തുടർന്നുള്ള പരിചരണവും ശുശ്രൂഷയും തന്റെ ചുമതയിലായിരുന്നതിനാലും, തനിക്ക് ഒരു ശസ്ത്രക്രിയയ്ക്ക് വിധേയനാകേണ്ടി വന്നതിനാലുമാണ് ജോലിയ്ക്ക് ഹാജരാകാതിരുന്നതെന്നും, ഇത് സംബന്ധിച്ച മെഡിക്കൽ സാക്ഷ്യപത്രം ഉൾപ്പെടെ അവധി അപേക്ഷ സമർപ്പിച്ചിട്ടുള്ളതും, 16.01.2018 മുതൽ കൃത്യമായി ജോലിയിൽ തുടരുന്നുണ്ടെന്നുമാണ് ബോധിപ്പിച്ചിട്ടുള്ളത്.

ശ്രീ. സി.കെ. ലജിത്തിനെതിരെ പുറപ്പെടുവിച്ച കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൻ സമർപ്പിച്ച എതിർവാദ പത്രികയും നേർ വിചാരണാഘട്ടത്തിൽ ബോധിപ്പിച്ച വിവരങ്ങളും നിയമപരമായി നിലനിൽക്കുന്നതല്ലായെന്നും, ഹാജർ പുസ്തകത്തിന്റെ പരിശോധനയിൽ ടിയാൻ 13.11.2015 മുതൽ 03.06.2016 വരെ ഓഫീസിൽ ഹാജരാകാതിരിക്കുകയും നിയമാനുസൃതമുള്ള അവധി അപേക്ഷ നൽകി അവധി അനുവദിച്ച് വാങ്ങിയിട്ടില്ലെന്നും, ടിയാനെതിരായ ആരോപണങ്ങൾ നിലനിൽക്കുന്നതും വെളിവാക്കപ്പെട്ടതുമാണെന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ശ്രീ. സി.കെ. ലജിത്തിന്റെ രണ്ട് വാർഷിക ശമ്പളവർദ്ധനവുകൾ സഞ്ചിതഫലത്തോടെ തടഞ്ഞു അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിനെതിരെയാണ് ശ്രീ. സി.കെ. ലജിത്ത് പരാമർശം (3) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

സർക്കാർ ഇക്കാര്യം പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (4) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു. ഇളമാട് ഗ്രാമപഞ്ചായത്തിലെ സേവനകാലയളവിൽ സമാനമായ വിഷയത്തിൽ ശിക്ഷ ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് കാരണം കാണിക്കൽ നോട്ടീസിൽ പരാമർശിച്ചതിൽ ഡിസിപ്ലിനറി പ്രോസീഡിങ്സിലെ പാരാ 45 ന്റെ ലംഘനം ഉണ്ടായി എന്ന ശ്രീ. സി.കെ. ലജിത്തിന്റെ വാദം നിലനിൽക്കുന്നതല്ല. സമാനവിഷയത്തിൽ നേരത്തെ ലഘുശിക്ഷ ലഭിച്ച വിവരം ടിയാന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് പ്രസ്തുത വിഷയം പരാമർശിച്ചിട്ടുള്ളത്. അന്തിമ ഉത്തരവിൽ പ്രസ്തുത വിവരം പരാമർശിച്ചിട്ടില്ല. ആയതിനാൽ പാരാ 45 ന്റെ ലംഘനമുണ്ടായിട്ടില്ല. സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ തന്റെ ചുമതലകൾ കൃത്യമായി നിർവ്വഹിക്കാതെ സ്വീകരിച്ച ശിക്ഷണനടപടികളിലെ ചട്ടലംഘനം കണ്ടെത്താനാണ് ശ്രീ. സി.കെ. ലജിത്ത് ശ്രമിക്കുന്നത്. മേൽ സാഹചര്യത്തിൽ ശ്രീ. സി.കെ. ലജിത്ത് സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണനാർഹമല്ല എന്ന് കാണുന്നതിനാൽ അപ്പീൽ അപേക്ഷ നിരസിച്ച് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. സി.കെ. ലജിത്ത്, മുൻ ഹെഡ് ക്ലാർക്ക്, നെട്ടുവത്തൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/60/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2020.12.15 11:09:04 IST
Reason: Approved

സെക്ഷൻ ഓഫീസർ